Draft #6 of File AcD/2/1119/MTTM/Eq/2019 Approved by ASSISTANT REGISTRAR III (ACADEMIC) on 30-Oct-2020 07:54 AM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ സർവകലാശാല , ന്യൂഡൽഹി അവാർഡ് ചെയ്ത Bachelor of Science (Hospitality and Hotel Administration) (വിദൂര വിദ്യാഭ്യാസം) ബിരുദം "ഏതെങ്കിലും അംഗീകൃത ബിരുദം" യോഗ്യതയായുള്ള മഹാത്മാഗാന്ധി സർവകലാശാലയിലെ എല്ലാ ബിരുദാനന്തര ബിരുദ കോഴ്സുകൾക്കും ചേരുന്നതിനുള്ള യോഗ്യതയായി അംഗീകാരം -അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**അക്കാദമിക് ഡി സെക്ഷൻ**

നമ്പർ. 5127/AC D/2020/എം.ജി.യു — പ്രിയദർശിനി ഹിൽസ്,തീയതി: 03.11.2020

---

*പരാമർശം:*-1) 07.09.2020 ന് കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ നടപടിക്കുറിപ്പ് ഇനം നമ്പർ 116/AcD/2/1119/MTTM/Eq/2019 (13.10.2020 ന് കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ (20.05) ഇനം നമ്പർ 01/20.05/200241 ആയി സമർപ്പിച്ചത്)

**ഉത്തരവ്**

ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ സർവകലാശാല അവാർഡ് ചെയ്യുന്ന Bachelor of Science (Hospitality and Hotel Administration) ബിരുദം മഹാത്മാഗാന്ധി സർവകലാശാലയിൽ Master of Business Administration (MBA), Master of Management in Hospitality (MMH),Master of Human Resource Management (MHRM),Master of Tourism and Travel Management (MTTM) എന്നീ കോഴ്സുകൾക്ക് ചേരുന്നതിനുള്ള യോഗ്യതയായി അംഗീകരിച്ചിട്ടുള്ളതാണ്.

ഏതെങ്കിലും അംഗീകൃതബിരുദം പ്രവേശന യോഗ്യതയായുള്ള MBA,MHRM,MMH എന്നീ കോഴ്സുകൾക്ക് ചേരാനുള്ള യോഗ്യതയായി IGNOU യുടെ Bachelor of Science (Hospitality and Hotel Administration) ബിരുദം അംഗീകരിച്ചിട്ടുള്ളത് പരിഗണിച്ച്, പ്രസ്തുത ബിരുദം MTTM കോഴ്സിനും "ഏതെങ്കിലും അംഗീകൃത ബിരുദം" യോഗ്യതയായുള്ള മഹാത്മാഗാന്ധി സർവകലാശാലയിലെ എല്ലാ ബിരുദാനന്തര ബിരുദ കോഴ്സുകൾക്കും ചേരുന്നതിനുള്ള യോഗ്യതയായി അംഗീകരിക്കുന്ന വിഷയം അക്കാദമിക് കൗൺസിലിന്റെ പരിഗണനക്ക് സമർപ്പിച്ചിരുന്നുവെങ്കിലും 30.11.2019 ന് കൂടിയ അക്കാദമിക് കൗൺസിൽ യോഗം പ്രസ്തുത ബിരുദം മഹാത്മാഗാന്ധി സർവകലാശാലയിൽ MTTM കോഴ്സിന് ചേരുന്നതിനുള്ള യോഗ്യതയായി അംഗീകരിക്കുന്നതിൽ മാത്രമാണ് തീരുമാനമെടുത്തിരുന്നത്.

Draft #6 of File AcD/2/1119/MTTM/Eq/2019 Approved by ASSISTANT REGISTRAR III (ACADEMIC) on 30-Oct-2020 07:54 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ സർവകലാശാല അവാർഡ് ചെയ്യുന്ന Bachelor of Science (Hospitality and Hotel Administration) (വിദൂര വിദ്യാഭ്യാസം) ബിരുദം "ഏതെങ്കിലും അംഗീകൃത ബിരുദം" യോഗ്യതയായുള്ള മഹാത്മാഗാന്ധി സർവകലാശാലയിലെ എല്ലാ ബിരുദാനന്തര ബിരുദ കോഴ്സുകൾക്കും ചേരുന്നതിനുള്ള പൊതുവായ യോഗ്യതയായി അംഗീകരിക്കുന്നത് സംബന്ധിച്ച വിഷയത്തിൽ തീരുമാനമെടുക്കുന്നതിനായി ടി വിഷയം അക്കാദമിക് കൗൺസിലിന് മുമ്പാകെ സമർപ്പിക്കുവാൻ ബഹു,വൈസ് ചാൻസലർ ഉത്തരവിട്ടിരുന്നു.

അക്കാദമിക് കൗൺസിൽ പ്രസ്തുത വിഷയം പരിഗണിക്കുകയും പരാമർശം (1) പ്രകാരം ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ സർവകലാശാല അവാർഡ് ചെയ്യു ബാച്ചലർ ഓഫ് സയൻസ് (ഹോസ്പിറ്റാലിറ്റി & ഹോട്ടൽ അഡ്മിനിസ്ട്രേഷൻ) ബിരുദം "ഏതെങ്കിലും അംഗീകൃത ബിരുദം" യോഗ്യതയായുള്ള മഹാത്മാഗാന്ധി സർവകലാശാലയിലെ എല്ലാ ബിരുദാനന്തര ബിരുദ കോഴ്സുകൾക്കും ചേരുന്നതിനുള്ള യോഗ്യതയായി അംഗീകരിക്കുവാൻ തീരുമാനമെടുക്കുകയും ചെയ്തു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജോണി കെ എബ്രഹാം

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)

പകർപ്പ്

1. പ്രൈവറ്റ് സെക്രട്ടറി (വി.സി./പി.വി.സി.)
2. രജിസ്ട്രാർ/ പരീക്ഷ കൺട്രോളർ എന്നിവരുടെ പി.എ
3. ജെ.ആർ. II (ഭ.വി )
4. എ.ആർ./ ഡി.ആർ.(അക്കാദമിക്)
5. എ.സി.സി. സെക്ഷൻ
6. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
7. ഐ.ക്യൂ.എ.സി.
8. കരുതൽ ഫയൽ/ഫയൽ പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ